(ബി) ഒരു കേസ്സ് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 404/05. 400-ഓളം ഹിന്ദു മുസ്ലീം പ്രതികൾ. 60 പ്രതികളെ തിരിച്ചറിഞ്ഞു. (ഹിന്ദു-28, മുസ്ലീം-32). 39 പ്രതികളെ അറസ്റ്റ് ചെയ്തു. (ഹിന്ദു-14, മുസ്ലീം-25).

(സി) രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) അന്വേഷണത്തിൽ പരാതിയിൽ പറഞ്ഞ കാര്യങ്ങൾ ശരിയല്ലയെന്ന് ബോധ്യമായിട്ടുണ്ട്.

മന്ത്രിമാർക്കെതിരായ വിജിലൻസ് കേസുകൾ

19 [814] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മന്ത്രിമാർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള വിജിലൻസ് കേസുകൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ മന്ത്രിമാർക്കെതിരെയാണ് കേസ് നിലവിലുള്ളതെന്നും ഓരോ കേസിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

ജീവപര്യന്തം ശിക്ഷയനുഭവിക്കുന്നവരുടെ ശിക്ഷ ഇളവ്

20 [820] ശ്രീ. സാജു പോൾ :
„ പി. സി. ജോർജ് :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്ന തടവുകാരെ ശിക്ഷ ഇളവ് ചെയ്ത് വിട്ടയയ്ക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്ന് വെളിപ്പെടുത്താമോ ;

(ബി) ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്ന എത്രപേരെ വിടുതൽ ചെയ്യാനാണ് ജയിൽ റിവ്യു കമ്മിറ്റി ശുപാർശ സമർപ്പിച്ചത് ; ഇതിൽ എത്ര പേരെ വിടാനാണ് സർക്കാർ തീരുമാനിച്ചത് ;

(സി) ജയിലിൽ നിന്ന് തടവുകാരെ വിട്ടയയ്ക്കുന്നത് സംബന്ധിച്ച് ബഹു: ഹൈക്കോടതി നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

815-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്ന തടവുകാരിൽ ശിക്ഷ ഇളവ് ചെയ്ത് വിട്ടയയ്ക്കാവുന്നവരെ കണ്ടെത്തി സർക്കാരിന് ശുപാർശ നൽകുന്നതിന് മുൻ ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ശ്രീ. എം. ആർ. ഹരിഹരൻ നായർ ചെയർമാനായി ഒരു സ്റ്റേറ്റ് പ്രിസൺ റിവ്യൂ കമ്മിറ്റി 31-3-2004 മുതൽ രൂപീകരിച്ചു പ്രവർത്തിച്ചുവരുന്നു.

(ബി) 153 ജീവപര്യന്തം തടവുകാരെ വിടുതൽ ചെയ്യാനായി ജയിൽ റിവ്യൂ കമ്മിറ്റി ശുപാർശ സമർപ്പിച്ചു. ഇതിൽ 14 വർഷം ശിക്ഷാകാലയളവ് പൂർത്തിയാക്കിയ രണ്ട് പേരെ വിടുതൽ ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം പാലിക്കുവാനുള്ള നടപടികൾ സ്വീകരിക്കാൻ ജയിൽ റിവ്യൂ കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സീതത്തോട്ടിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കാൻ നടപടി

21 [822] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നിയുടെ കിഴക്കൻ മേഖലയായ സീതത്തോട്ടിലും പരിസരങ്ങളിലുമായി എത്ര ഇലക്ട്രിക് പ്രോജക്ടുകളും ഡാമുകളുമാണ് ഉള്ളതെന്ന് അറിയിക്കാമോ ;

(ബി) കഴിഞ്ഞ 5 വർഷത്തിനിടെ തീപിടുത്തംമൂലം ഓരോ പ്രോജക്ടിലും എത്ര കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട് എന്നും എത്രയാളുകൾ മരിച്ചിട്ടുണ്ട് എന്നും വർഷം തിരിച്ച് പ്രോജക്ടിന്റെ പേര് സഹിതം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത മേഖലയിൽ തീപിടുത്തമുണ്ടാകുമ്പോൾ ഏതൊക്കെ ഫയർ സ്റ്റേഷനുകളിൽ നിന്നാണ് ഫയർ എൻജിനുകൾ എത്തുന്നത് ; ഓരോ സ്റ്റേഷനിൽ നിന്ന് ഇവിടേക്കുള്ള ദൂരമെത്ര എന്ന് അറിയിക്കാമോ ;

(ഡി) ഇലക്ട്രിസിറ്റി ബോർഡ് സ്ഥലവും കെട്ടിടവും നൽകാമെന്ന് ഉറപ്പ് നൽകിയിട്ടും തൊട്ടടുത്ത ഫയർ സ്റ്റേഷനുകൾ തമ്മിൽ ഇത്രയും ദൂരമുണ്ടായിട്ടും സീതത്തോട്ടിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ഇ) സീതത്തോട്ടിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സീതത്തോട് ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റേതായി രണ്ട് ഇലക്ട്രിക് പ്രോജക്ടുകളും അതിനോടനുബന്ധിച്ച് പത്ത് ഡാമുകളും ഉണ്ട്. കൂടാതെ കക്കാട് ജലവൈദ്യുത പദ്ധതിയുടെ താഴെ ഇറിഗേഷൻ വകുപ്പിന്റെ ബാരേജ് ഉണ്ട്. ഇവിടെ സ്വകാര്യ മേഖലയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന മണിയാർ ജലവൈദ്യുത പദ്ധതിയും ഇതിന് മുകളിലായി സ്വകാര്യ മേഖലയിലെ 'ഉള്ളുങ്കൽ' ജലവൈദ്യുത പദ്ധതി (കമ്മിഷൻ ചെയ്തിട്ടില്ല) യുടെ ഡാമും ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly